## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2570**

**05.11.2019 -ൽ മറുപടിയ്ക്ക്**

മലബാർ റിവർ ക്രൂയിസ് പദ്ധതി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | മലബാർ റിവർ ക്രൂയിസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) • കണ്ണൂർ ജില്ലയിൽ 14 ബോട്ട് ജെട്ടി/ ടെർമിനലുകൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തി. 9 പദ്ധതികളുടെ നിർമ്മാണ പ്രവർത്തികളും, 3 പദ്ധതികളുടെ പ്രാരംഭ പ്രവർത്തികളും, 2 പദ്ധതികളുടെ ടെണ്ടർ നടപടികളും പുരോഗമിച്ചുവരികയാണ്. ഇതിൽ പഴയങ്ങാടി ബോട്ട് ടെർമിനൽ അന്തിമ ഘട്ടത്തിലും പറശ്ശിനി ബോട്ട് ടെർമിനൽ 75% ത്തോളം പൂർത്തീകരിച്ചിട്ടുമുണ്ട്.<br>• ജെട്ടി/ടെർമിനൽ നിർമ്മാണം പുഴ പുറമ്പോക്കിലാണ് നടത്തുന്നത്. അതിന് ഭൂരിഭാഗം ഗ്രാമ പഞ്ചായത്ത്/നഗരസഭ റെസലൂഷൻ ലഭിച്ചിട്ടുണ്ട്.<br>• പദ്ധതിയുടെ സ്ഥല ലഭ്യതയ്ക്കുള്ള നിയന്ത്രിതാനുമതിയ്ക്കായുള്ള നടപടി ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ , പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.<br>• കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ് കീമിൽ ഉൾപ്പെടുത്തി മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്കായി കണ്ണൂർ ജില്ലയിൽ 8037.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവർത്തികൾ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡ് (KEL) മാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ ജെട്ടി/ടെർമിനൽ എന്നിവ പഞ്ചായത്ത്/നഗരസഭ പുഴ പുറമ്പോക്കിലാണ് നിർമ്മിക്കുന്നത്. ഇതിനായി സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ഥലം സംബന്ധിച്ച നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകികൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതിയ്ക്കായുള്ള നടപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.<br>• സ്വകാര്യ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ, സ്ഥലം വ്യക്തികൾ സ്വമേധയാ വിട്ടുതന്ന ശേഷം സർക്കാരിലേക്ക് ചേർക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന നടത്തേണ്ടതുണ്ട്. ഇപ്രകാരം സമ്മതം കിട്ടിയിട്ടുള്ള സ്ഥലങ്ങളുടെ relinquishment process നടന്നുവരികയാണ്. കൂടുതൽ സ്ഥലം/വ്യക്തികൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ സർവേ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.<br>• പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. KSINC അതിന്റെ പ്രാരംഭ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാത്തതും CRZ ക്ലിയറൻസ് ആവശ്യമായ പദ്ധതികൾ CRZ ക്ലിയറൻസ് ലഭ്യമായ ശേഷം ആരംഭിച്ചാൽ മതിയെന്ന് ടൂറിസം വകുപ്പ് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്<br>• മലബാർ റിവർക്രൂയിസ് പദ്ധതിയുടെ ഭാഗമായി കാസറഗോഡ് ജില്ലയിലെ കോട്ടപ്പുറത്ത് ഹൗസ്ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിനായി ടൂറിസം വകുപ്പ് എട്ട് കോടി രൂപയും, മാവിലാകടപ്പുറത്ത് ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിന് 3 കോടി 27 ലക്ഷം രൂപയും, മാടക്കാലിൽ ഹൗസ് ബോട്ട് ജെട്ടി സ്ഥാപിക്കുന്നതിന് 98 ലക്ഷം രൂപയും അനുവദിച്ചു. മാവിലാക്കടപ്പുറത്തെ ഹൗസ്ബോട്ട് ടെർമിനലിൻറെ പണി പുരോഗമിച്ചുകൊണ്ടി രിക്കുന്നു. പണി പകുതിയലധികം തീർന്നു. |
| ബി) | മലബാർ റിവർ ക്രൂയിസ് പദ്ധതി വിപുലപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ ആയതിന് വേണ്ടി എന്തെല്ലാം | ബി) | പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ ആണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | | |
| സി) | മലബാർ റിവർ ക്രൂയിസ് പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് എപ്പോൾ സാധ്യമാക്കാനാകുമെന്നും വ്യക്തമാക്കാമോ? | സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് താഴെ വിശദമാക്കിയ നടപടികളാണ് ഉള്ളത്<br>• ഭരണാനുമതി ലഭിച്ച എല്ലാ പ്രവർത്തികളുടെയും സാങ്കേതികാനുമതി നേടിയ ശേഷം നിർവ്വഹണ ഏജൻസി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി കരാർ കാരന് കൈമാറേണ്ടതാണ്.<br>• CRZ ക്ലിയറൻസ് ആവശ്യമായ പദ്ധതികൾ/പ്രവർത്തികൾ, ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കാവുന്നതും, ക്ലിയറൻസ് ആവശ്യമില്ലാത്ത പ്രവർത്തികൾ ആരംഭിക്കാനുള്ള നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിക്കേണ്ടതുമാണ്<br>• എന്നാൽ CRZ ക്ലിയറൻസിന് അപേക്ഷിച്ച് clearance ലഭിക്കാനുള്ള സമയത്തിന്റെ ഇടവേളയിൽ തന്നെ ടെണ്ടർ നടപടികൾ, നിർവഹണ ഏജൻസിക്ക് പൂർത്തീകരിക്കാവുന്നതാണ് (CRZ ക്ലിയറൻസിന് വിധേയമായിട്ടായിരിക്കും സമ്മതപത്രം (Tender agreement) ഒപ്പ വെക്കുന്നതെന്ന നിബന്ധന ടെണ്ടർ രേഖകളിൽ സൂചിപ്പിക്കാവുന്നതാണ്)<br>• ബോട്ട് ജെട്ടി/ടെർമിനൽ മറ്റ് അനുബന്ധ കമ്പോണന്റുകൾ എന്നിവയുടെ പ്രവർത്തി പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ ക്രൂയിസ് റൂട്ടുകളിൽ സവാരിക്കായുള്ള ഹൗസ് ബോട്ട്/ ജലയാനങ്ങൾ ഒരുക്കേണ്ടതാണ്<br>• പൂർത്തീകരിച്ച ബോട്ട് ജെട്ടി/ടെർമിനൽ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും (Components) നടത്തിപ്പും മേൽ നോട്ടവും (Management & supervision) സംബന്ധിച്ച് പരിശോധിച്ചു വരുന്നു.<br>• ബോട്ട് ജെട്ടി/ടെർമിനൽ എന്നിവയുടെ പൂർത്തീകരണത്തിന് സാങ്കേതികാനുമതി എടുത്ത ശേഷം 18 മാസകാലയളവാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്വദേശ് ദർശൻ പദ്ധതിയിൽ 36 മാസമാണ് പൂർത്തീകരണത്തിനായി ഭരണാനുമതി പ്രകാരം നൽകിയിട്ടുള്ള കാലയളവ്. |

സെക്ഷൻ ഓഫീസർ